**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5931 — 19.11.2019-ലെ മറുപടിയ്ക്ക്

## ഫുട്ബോൾ താരം കെ.അൻവറിന് സർക്കാർ ജോലി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി.അൻവർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കേൾവിശക്തിയില്ലാത്തവരുടെ ഫുട്ബോൾ മത്സരത്തിൽ നിലമ്പൂർ മണ്ഡലത്തിലെ കെ. അൻവർ, ചന്തക്കുന്ന്, നിലമ്പൂർ, ഇന്ത്യൻ ടീമിന് വേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. ബധിര മൂക കായിക താരമായ ശ്രീ.അൻവറിന് ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ തസ്തികകളിൽ ഒഴിവു വരുന്ന മുറയ്ക്ക് സ്പോർട്സ് കൗൺസിലിൽ പരിഗണിക്കുന്ന കാര്യം പരിശോധിക്കുന്നതാണ് എന്ന വിവരം സ്പോർട്സ് കൗൺസിലിൽ നിന്നും അറിയിച്ചിരുന്നു. |
| (ബി) | ടിയാന്റെ അപേക്ഷ പരിഗണിച്ച് നിയമപ്രകാരം ഒഴിവ് വരുന്ന മുറയ്ക്ക് യോഗ്യതക്കനുസരിച്ച് സർക്കാർ ജോലി നൽകാമെന്നറിയിച്ച് രേഖാമൂലം കത്ത് അയച്ചത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; | | |
| (സി) | ടിയാന്റെ അപേക്ഷ ലഭിച്ചതിന് ശേഷം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എത്ര ഒഴിവ് വന്നിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) & (ഡി) | നിലവിൽ 3 ഒഴിവുണ്ട്. ശ്രീ.അൻവറിന്റെ അപേക്ഷ സർക്കാരിൽ ലഭ്യമാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | അർഹതക്കുള്ള അംഗീകാരമായി അൻവറിന് സർക്കാർ ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**